# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 993** **05/02/2020-ലെ മറുപടിയ്ക്ക്**

### ബാലുശ്ശേരി മണ്ഡലത്തിലെ വാട്ടർ അതോറിറ്റി പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി** | **ശ്രീ. കെ. കൃഷ്ണൻകുട്ടി**<br>**(ജലവിഭവ വകുപ്പുമന്ത്രി)** |
| ബാലുശ്ശേരി മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന വാട്ടർ അതോറിറ്റി പദ്ധതികൾ ഏതൊക്കെയാണ് , അവ ഓരോന്നിന്റെയും നിർമ്മാണ പുരോഗതിയും പൂർത്തീകരണ സമയവും അറിയിക്കാമോ? | 1. ഡെപ്പോസിറ്റ് പ്രവൃത്തി – ഉള്ളേരി പഞ്ചായത്തിലെ എരഞ്ഞോളിക്കണ്ടി കുടിവെള്ള പദ്ധതി – കിണർ, ടാങ്ക്, പമ്പിങ് മെയിൻ, വിതരണ ശൃംഖല, പമ്പ് സെറ്റ് എന്നിവയുടെ പ്രവൃത്തി. വൈദ്യുതി കണക്ഷൻ ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചു. കണക്ഷൻ ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി കമ്മീഷൻ ചെയ്യുന്നതാണ്.<br>2. ഡെപ്പോസിറ്റ് പ്രവൃത്തി- ബാലുശ്ശേരി ഗവ. കോളേജിലേക്കുള്ള കുടിവെള്ള പദ്ധതി- പനങ്ങാട് ഗ്രാമ പഞ്ചായത്ത്- കിണർ, പമ്പ് ഹൗസ് എന്നിവ പൂർത്തീകരിച്ചു. ടാങ്കിന്റെ പ്രവൃത്തി പുരോഗമിച്ചു വരുന്നു. പ്രവൃത്തി 2020 മാർച്ചോടെ കമ്മീഷൻ ചെയ്യുന്നതാണ്.<br>3. ഡെപ്പോസിറ്റ് പ്രവൃത്തി – അത്തോളി പഞ്ചായത്തിലെ പുല്ലില്ലാമല കുടിവെള്ള പദ്ധതി- കുറുക്കൻകുന്ന് റോഡിലൂടെ പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി- പ്രവൃത്തി 28.01.2020 ന് പൂർത്തീകരിച്ചു.<br>4. സ്റ്റേറ്റ് പ്ലാൻ - 2019-20 – ബാലുശ്ശേരി ടൗൺ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി, കൊയിലാണ്ടി ബാലുശ്ശേരി റോഡിൽ ജിക്ക കുടിവെള്ള പദ്ധതിയുടെ വിതരണ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി, പുരോഗമിച്ചു വരുന്നു. മാർച്ച് മാസം 15-ാം തീയതിയോടെ പൂർത്തീകരിക്കുന്നതാണ്.<br>5. ഉണ്ണികുളം-ശിവപുരം വില്ലേജുകൾക്ക് വേണ്ടിയുള്ള കുടിവെള്ളപദ്ധതി. പ്രസ്തുത പദ്ധതിയിൽ 70% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. ഏകരൂൽ വള്ളിയോത്ത് പി.ഡബ്ള്യു.ഡി. റോഡിൽ 1.5 കി.മീ. പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയും ടാങ്കിന്റെ പുനരുദ്ധാരണ പ്രവൃത്തിയും പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. 2020 മെയ് മാസം 31-ാം തീയതിയോടെ പൂർത്തീകരിക്കുന്നതാണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ